₹ 5/-

# റിയൽ ലൈഫ് വോയ്സ്

## REAL LIFE VOICE

Monthly

Volume 13
Issue 12

**June 2025**

pages 24

“അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏത് മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന് ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു. അതിനായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം പോരാടിക്കൊണ്ട് അധ്വാനിക്കുന്നു”

**(കൊലൊസ്യർ 1:28–29)**

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# REAL LIFE VOICE

**Volume 13 Issue 12 June 2025 pages 24 Rs.5/**



**Email:** reallifekottekad@gmail.com

**Website:** www.reallifevoice.in


*Real Life Voice is a Christian magazine dedicated to studying the Word of God and analysing current events*


**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

***Bank:***
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V


**Book No. 162**

## ഉള്ളടക്കം


| | പേജ് |
|---|---|
| • പാപങ്ങളെ മഹത്വപ്പെടുത്തുന്നവർ | 3 |
| • പ്രതികരണങ്ങൾ | 6 |
| • ആസ്യയിലെ ഏഴ് സഭകൾ (16) | 7 |
| • കെ. വി. ഐസക്ക്(അഭിമുഖം)(15) | 10 |
| • യോനാ (പുസ്തകപഠനം) (13) | 13 |
| • ചോദ്യവും ഉത്തരവും (40) | 16 |
| • സമൂഹത്തിലെ ദുരന്തക്കാഴ്ചകൾ(71) | 19 |
| • ഓരോരോ ജന്മങ്ങള്! (20) | 21 |
| • തട്ടിപ്പിൽ വീഴാൻ തയ്യാർ | 24 |


**ഈ മാസികയുടെ ലക്ഷ്യം:**
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

എഡിറ്റോറിയൽ



# പാപങ്ങളെ മഹത്വപ്പെടുത്തുന്നവർ

## (Those who glorify sins)

തോന്നിവാസങ്ങൾ കാണിച്ചുകൂട്ടുക, എന്നിട്ട് അതിനെ ന്യായീകരിക്കുക, മറ്റുള്ളവരെയും ആ തോന്നിവാസങ്ങൾ ചെയ്യാൻ പോത്സാഹിപ്പിക്കുക, എതിർപ്പ് പ്രകടിപ്പിക്കുന്നവരെ സോഷ്യൽമീഡിയായിലൂടെയും മറ്റും സംഘം ചേർന്ന് അധിക്ഷേപിക്കുക, നേരെയാകട്ടെ എന്നു കരുതി ആരെങ്കിലും ഉപദേശിച്ചാൽ അയാളെ സൈബർഅമ്മാവൻ, സൈബർആങ്ങള, സദാചാരഗുണ്ട, സദാചാരപോലീസ്, സദാചാരഅങ്കിൾ എന്നൊക്കെ വിളിച്ച് കളിയാക്കുക... ഇത്യാദി പേക്കൂത്തുകൾ ഇക്കാലത്ത് ഏറ്റവുമധികം വർദ്ധിച്ചിരിക്കുന്നു.

സഭയിൽ വചനം പ്രസംഗിക്കുന്നവർ വരെ പല തോന്നിവാസങ്ങളെയും ലഘൂകരിച്ചുകാണിക്കുകയോ, ന്യായീകരിക്കുകയോ ചെയ്തുവരുന്നതാണ് സങ്കടകരമായ കാര്യം. ആളുകളുണ്ടെങ്കിലേ സഭയുള്ളൂ, സഭയുണ്ടെങ്കിലേ തനിക്കു ശുശ്രൂഷയുള്ളൂ എന്ന തിരിച്ചറിവ് നിമിത്തം, സഭയിലുള്ള ആളുകളെ എങ്ങനെയെങ്കിലും സഭയിൽ പിടിച്ചുനിർത്താനായി, പ്രസംഗത്തിൽ 'പഞ്ചാര' ചേർക്കാനും, അപ്രിയസത്യങ്ങൾ പറയാതിരിക്കാനും, പരസ്യമായ പാപങ്ങളുടെ നേരെ പോലും കണ്ണടയ്ക്കാനും ശുശ്രൂഷകന്മാർ തയ്യാറാവുന്നു!

ശുശ്രൂഷകന്മാർക്ക് കുടുംബമുണ്ട്. അവർക്ക് ജീവിക്കണം. അതിന് വരുമാനം വേണം. സഭയിലുള്ളത് കുറച്ച് വിശ്വാസികൾ മാത്രമാണ്. അവരുടെ ദശാംശമാണ് പല ശുശ്രൂഷകന്മാരുടെയും വരുമാനം. അവരുടെ തെറ്റുകളെ ചൂണ്ടിക്കാണിച്ചാൽ, അവർ സഭ വിട്ടുപോകും. മറ്റൊരു സഭാകൂടിവരവ് അവരെ രണ്ടുകൈയും നീട്ടി സ്വീകരിക്കും. ഇപ്രകാരം ചാടിപ്പോകുന്ന വിശ്വാസികളിലാണ് പല സഭകളുടെയും പ്രതീക്ഷ. സുവിശേഷം പറഞ്ഞ് ആളുകൾ രക്ഷിക്കപ്പെട്ട്, സഭയിൽ വരുന്നത് കുറവാണല്ലോ.

പാപങ്ങൾ ചെയ്യുക മാത്രമല്ല അതിൽ പ്രശംസിക്കുക കൂടി ചെയ്യുന്ന ആളുകൾ ഉള്ള ഒരു തലമുറയിലാണ് നാം ജീവിക്കുന്നത്. ബൈബിൾ പറയുന്നു: "ലജ്ജയായതിൽ അവർക്കു മാനം തോന്നുന്നു" (ഫിലിപ്പിയർ 3:19)

“they glory in their shame” -RSV (അവർ തങ്ങളുടെ നാണക്കേടിൽ പ്രശംസിക്കുന്നു). നാണംകെട്ട കാര്യങ്ങൾ ചെയ്യുക മാത്രമല്ല, അതിൽ അഭിമാനിക്കുകകൂടി ചെയ്യുന്നു! എതിർപാർട്ടിയിലെ യുവാക്കൾ കരിങ്കൊടി കാണിച്ചപ്പോൾ അവരെ ഹെൽമറ്റും ചെടിച്ചട്ടിയുമെല്ലാം ഉപയോഗിച്ച് തല്ലിച്ചതയ്ക്കുകയും, തുടർന്ന് അത് രക്ഷാപ്രവർത്തനമായിരുന്നുവന്ന് പറഞ്ഞ് അതിനെ ന്യായീകരിക്കുകയും ചെയ്യുന്ന നമ്മുടെ രാഷ്ട്രീയക്കാരുടെ തൊലിക്കട്ടി പല വിശ്വാസികൾക്കും ലഭിച്ചിരിക്കുന്നു.

മദ്യപാനത്തെ ന്യായീകരിക്കുന്ന വിശ്വാസികൾ, പുകവലിയെ പിന്താങ്ങുന്ന ഭക്തർ, സ്വവർഗ്ഗവിവാഹത്തെ പ്രോത്സാഹിപ്പിക്കുന്ന ക്രിസ്ത്യാനികൾ, പലിശയ്ക്ക് പണം കൊടുക്കുന്നവരെയും, പ്രേമിക്കാൻ നടക്കുന്നവരെയും, കള്ളത്തരങ്ങൾ കാണിക്കുന്നവരെയും കുറ്റപ്പെടുത്താത്തവർ... ഇങ്ങനെയുള്ളവരെല്ലാം ദൈവസഭയിൽ സ്ഥാനം കണ്ടെത്തിയിരിക്കുന്നു. വിവാഹമോചനം ദൈവമക്കളുടെ ഇടയിലെ ഒരു നിത്യസംഭവമായിരിക്കുന്നു. ഭ്രൂണഹത്യയും, വിവാഹത്തിനുമുമ്പുള്ള ‘ഒരു ദേഹമായിത്തീരലും’ സർവസാധാരണം! മൂപ്പന്മാർ മിണ്ടുകയില്ല. മിണ്ടിയാൽ പിന്നെ തീർന്നു. തിന്മയല്ല തീർന്നുവെന്ന് പറഞ്ഞത്, മൂപ്പന്മാരുടെ ഭാവിയാണ്!

ഇത്തരം കാര്യങ്ങളിൽ വിട്ടുവീഴ്ചകൾക്ക് തയ്യാറാകാതെ, ദൈവവചനമാകുന്ന വാൾ ഉയർത്തിപ്പിടിച്ച്, ശുദ്ധീകരണത്തിന് തയ്യാറാകുന്ന ധീരരായ കുറച്ച് ശുശ്രൂഷകന്മാരെങ്കിലും ദൈവസഭകളിലുണ്ട് എന്ന കാര്യം സത്യമാണ്. അത്തരം ശുശ്രൂഷകന്മാർ അപമാനിക്കപ്പെടുകയും ഒറ്റപ്പെടുകയും ചെയ്യുന്ന സാഹചര്യങ്ങളുണ്ടാകുന്നു. തെറ്റ് ചൂണ്ടിക്കാണിച്ചാലുടനെ സഭയിൽനിന്ന് പോവുകയും മറ്റേതെങ്കിലും സഭാകൂടിവരവിൽ ദൈവത്തെ ആരാധിക്കുകയും ചെയ്യുന്ന പ്രവണതയേറി വരുന്നു. എന്തുകൊണ്ടാണ് നേരത്തെയുണ്ടായിരുന്ന സഭാകൂടിവരവിൽ നിന്ന് പോരാൻ കാരണം എന്ന് അന്വേഷിക്കാൻ പോലും ആരും തയ്യാറല്ല. പുതിയൊരു കുടുംബത്തെ/വ്യക്തിയെ കിട്ടിയ സന്തോഷമാണ് അവർക്കുള്ളത്.

സാമ്പത്തികമായ അച്ചടക്കമില്ലായ്മയാണ് ദൈവമക്കളുടെ ഇടയിലെ ഗുരുതരമായ മറ്റൊരു തെറ്റ്. ധൂർത്തും ആഡംബരവും തെറ്റായ രീതിയിലുള്ള ‘പർച്ചേസ്’പ്രവണതയും, കടമെടുക്കൽപ്രവണതയും മൂലം സാമ്പത്തികമരത്തിന്റെ അടിവേര് വരെ തകർന്നുതരിപ്പണമാകുന്നു. കഠിനാദ്ധ്വാനം ചെയ്ത് പണമുണ്ടാക്കാനും, ആ പണം സൂക്ഷ്മതയോടെ ചെലവഴിക്കാനും വിശ്വാസികൾ പഠിക്കണം. സാമ്പത്തികമായ അച്ചടയ്ക്കമില്ലായ്മ സ്വയം കാണിക്കുക മാത്രമല്ല, അതിനെ ന്യായീകരിക്കുകയും കൂടി ചെയ്യുന്നതാണ് അതിലേറെ കഷ്ടം. ആത്മഹത്യയുടെ പ്രധാനകാരണങ്ങളിലൊന്ന് സാമ്പത്തികപ്രശ്നങ്ങളാണെന്ന കാര്യം ഓർക്കുക.

ക്രൈസ്തവസഭകളിലെ മറ്റൊരു പ്രധാനപ്രശ്നം കുടുംബത്തകർച്ചയാണ്. വിശ്വസ്തതയില്ലാത്ത നിലയിലുള്ള കുടുംബജീവിതം നയിക്കുകയും, അതിനെ ന്യായീകരിക്കുകയും ചെയ്യുന്നവരുണ്ട്. ഇത്തരക്കാർ വിവാഹം കഴിക്കരുത്. ഭാര്യയെ സ്നേഹിക്കാനും ഭർത്താവിനെ സ്നേഹിക്കാനും കഴിയാത്തവർ വിവാഹം കഴിക്കാതിരിക്കണം. കുടുംബജീവിതത്തിലെ സകല സന്തോഷങ്ങളും മാത്രമല്ല ബുദ്ധിമുട്ടുകളും കൂടി സ്വീകരിക്കാനും അഭിമുഖീകരിക്കാനും തയ്യാറുള്ളവരാണ് വിവാഹത്തിന് തയ്യാറാകേണ്ടത്. നല്ല കുടുംബജീവിതം സ്വയം നയിക്കുന്നില്ലെന്ന് മാത്രമല്ല, മറ്റുള്ളവരെക്കൂടി ആ രീതിയിലേക്ക് മാറ്റാൻ ശ്രമിക്കുന്നവരുണ്ട്.

മാതാപിതാക്കളെ ബഹുമാനിക്കാത്ത മക്കളുടെ എണ്ണം കൂടിവരികയാണ്. മാതാപിതാക്കളെ ധിക്കരിക്കുന്ന മക്കൾ, അതിനെ ന്യായീകരിച്ചും മഹത്വീകരിച്ചും മറ്റു കുട്ടികളോട് സംസാരിക്കുകയും, അവർ ആ ന്യായീകരണങ്ങളാൽ വശീകരിക്കപ്പെട്ട് മാതാപിതാക്കളോട് ധിക്കാരമായി പെരുമാറുകയും ചെയ്യുന്നു. "....മാതാപിതാക്കന്മാരെ അനുസരിക്കാത്തവർ.... മരണയോഗ്യർ എന്നുള്ള ദൈവന്യായം അവർ അറിഞ്ഞിട്ടും അവയെ പ്രവർത്തിക്ക മാത്രമല്ല, പ്രവർത്തിക്കുന്നവരിൽ പ്രസാദിക്കയും കൂടെ ചെയ്യുന്നു" (റോമർ 1:30–32). ഒരാൾ ചെയ്യുന്ന തെറ്റിലേക്ക് മറ്റുള്ളവരെക്കൂടി ആകർഷിച്ചുകൊണ്ടുവരുന്ന ഈ പ്രവണത അത്യന്തം വലിയ വിപത്താണ് ക്രൈസ്തവസഭയ്ക്ക് ഉണ്ടാക്കിയിരിക്കുന്നത്.

തെറ്റുകൾ നമുക്ക് പറ്റാം. അങ്ങനെ സംഭവിച്ചാൽ അതിനെ ദയവായി ന്യായീകരിക്കരുത്. മഹത്വീകരിക്കരുത്. സംഘം ചേർന്ന് പിന്താങ്ങരുത്. കാക്ക കുളിച്ചാൽ കൊക്ക് ആവുകയില്ല. എത്ര പേർ ചേർന്ന് മഹത്വീകരിച്ചാലും പാപത്തിന്റെ കറുത്ത നിറം മാറുകയില്ല. എത്ര കണ്ട് പുണ്യപ്രവർത്തികൾ ചെയ്താലും ആ കറുപ്പ് നിറം മാറുകയില്ല. തെറ്റുകൾ തിരുത്തപ്പെടേണ്ടവയാണ്. അവ മറ്റുള്ളവർ അനുകരിക്കാൻ ഇട വരുത്തരുത്. സ്വാതന്ത്ര്യത്തിന്റെ പേരും, ബലഹീനതയുടെ കാര്യവും, സാഹചര്യത്തിന്റെ സമ്മർദ്ദവുമൊക്കെ പറഞ്ഞ് സ്വന്തം പാപങ്ങളേയോ അപരന്റെ പാപങ്ങളേയോ വെളുപ്പിക്കാൻ ആരും നടക്കരുത്.

"തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവന് ശുഭം വരികയില്ല. അവയെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും" (സദൃശവാക്യങ്ങൾ 28:13). ഈ വാക്യത്തെ നമുക്ക് ഇപ്രകാരം മനസ്സിലാക്കാം: തന്റെ ലംഘനങ്ങളെ വെള്ളപൂശി, ന്യായീകരിച്ച്, മഹത്വീകരിച്ച് മറയ്ക്കുവാൻ ആരും ശ്രമിക്കരുത്. അവൻ ഗുണപ്പെടുകയില്ല. എന്നാൽ സ്വന്തം തെറ്റിനെ തെറ്റായി അംഗീകരിച്ച്, ദൈവമുമ്പാകെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവൻ ഗുണപ്പെടും. ദൈവം സഹായിക്കട്ടെ.

**എംവിഎസ്**

# പ്രതികരണങ്ങൾ

**നിങ്ങളുടെ അഭിപ്രായങ്ങൾ sms ആയോ, email ആയോ WhatsApp ലൂടെയോ അറിയിക്കുക. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

### Ashokan Ambady, Gilgal, Thiruvalla

മാസിക കിട്ടാനായി ഞാൻ 18-ാം തീയതി മുതൽ കാത്തിരിക്കും. ലേഖനങ്ങൾ വായിക്കാൻ കഴിയുന്നതിൽ ഒത്തിരി സന്തോഷമുണ്ട്. ഇനിയും ഇതുപോലെ ലേഖനങ്ങൾ എഴുതുവാനും, ചില കാര്യങ്ങൾ തുറന്നെഴുതാനുള്ള ധൈര്യവും ദൈവംതമ്പുരാൻ നൽകട്ടെ.

### വായിക്കുക, പ്രതികരണങ്ങൾ അറിയിക്കുക

ഞങ്ങളുടെ വായനക്കാരുടെ പ്രതികരണങ്ങൾ അറിയാൻ ഞങ്ങൾക്ക് അതിയായ ആഗ്രഹമുണ്ട്. പല വായനക്കാരും പ്രതികരണങ്ങൾ അറിയിക്കുന്നവരാണ്. വാട്സാപ്പിൽ വോയ്സ് മെസേജ് ആയോ ടെക്സ്റ്റ് മെസേജ് ആയോ പ്രതികരണങ്ങൾ അറിയിക്കാൻ വളരെ എളുപ്പത്തിൽ സാധിക്കും. പരമാവധി രണ്ടോ മൂന്നോ മിനിറ്റ് മതിയാകും നിങ്ങളുടെ പ്രതികരണം അറിയിക്കാൻ. ഈ മാസിക പ്രസിദ്ധീകരിക്കുന്നതിന്റെ പിന്നിലുള്ള അദ്ധ്വാനത്തെ വായനക്കാർ വിലമതിക്കുകയും പ്രതികരണങ്ങൾ അറിയിക്കുകയും ചെയ്യുമല്ലോ.

**(എഡിറ്റർ)**

### കഴിഞ്ഞ മാസം അയച്ച മാസികകളിൽ മടങ്ങിവന്നവ

| Address | Reason |
|---|---|
| V V Cheriyan, Kanjirathingal, Kattakampal | Not known |
| Arun K Paul, P B No. 13, Adimaly | Box expired |

**അഡ്രസ് ലിസ്റ്റിൽനിന്ന് മുകളിൽപ്പറഞ്ഞ അഡ്രസ്സുകൾ നീക്കം ചെയ്തിട്ടുണ്ട്.**

# ആസ്യയിലെ ഏഴ് സഭകൾ

16

**വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ നിന്നുള്ള ചിന്തകൾ**

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

*"...ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നത്..." (വെളിപ്പാട് 1:4).*

*"...എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫില ദെൽഫ്യ, ലവൊദിക്യ എന്ന ഏഴു സഭകൾക്കും അയയ്ക്കുക" (വെളി.1:11)*

## പെർഗ്ഗമൊസിലെ സഭയ്ക്കുള്ള സന്ദേശം (വെളി. 2:12-17)

*അവണ്ണം നിക്കൊലാവ്യരുടെ ഉപദേശം കൈക്കൊള്ളുന്നവർ നിനക്കും ഉണ്ട് (2:15)*

### നിക്കൊലാവ്യരുടെ ഉപദേശം

ഇംഗ്ലീഷ്ബൈബിളായ KJV യിൽ ഈ വാക്യം കാണുന്നത് ഇപ്രകാര മാണ്: "Thus you also have those who hold the doctrine of the Nicolaitans, which thing I hate" "അത് ഞാൻ വെറുക്കുന്നു" എന്നൊരു ഭാഗം കൂടി ഇംഗ്ലീഷ്ബൈബിളിൽ കാണുന്നു. മലയാളം തർജ്ജമയിലും RSV പോലുള്ള ഇംഗ്ലീഷ്ബൈബിളിലും ആ ഭാഗം കാണുന്നില്ല. എങ്കിലും ദൈവം നിക്കൊ ലാവ്യരുടെ ഉപദേശം വെറുക്കുന്നതാണെന്ന ആശയം അവിടെയുണ്ട്.

നിക്കൊലാവ്യരുടെ നടപ്പ് എഫെസൊസ്സഭ വെറുക്കുന്നു എന്ന് 2:6 ൽ നാം കണ്ടതാണ്. എന്നാൽ പെർഗ്ഗമൊസ്സഭയിൽ കാര്യങ്ങൾ വ്യത്യ സ്തമായിരുന്നു. നിക്കൊലാവ്യരുടെ ഉപദേശം സ്വീകരിച്ചിരിക്കുന്നവർ ആ സഭയിലുണ്ട്! എന്താണ് നിക്കൊലാവ്യരുടെ ഉപദേശം എന്ന് നമുക്കറിഞ്ഞു കൂടാ. ദൈവം വെറുക്കുന്ന ദുരുപദേശമാണത് എന്നു മാത്രം അറിയാം. ക്രൈസ്തവസഭയിൽ എത്രയോ ദുരുപദേശങ്ങൾ ഇന്നുമുണ്ട്! ചില സഭ കൾ അത് വെറുക്കുന്നു; മറ്റു ചിലർ അത് സ്വീകരിക്കുന്നു. നിക്കൊലാവ്യ രുടെ പഠിപ്പിക്കലുകൾ എഫെസൊസിലെ സഭ വെറുത്തപ്പോൾ പെർഗ്ഗമൊ സിലെ സഭ അവ സ്വീകരിച്ചുവല്ലോ.

ഒരു ഉപദേശം ദൈവികമാണോ പൈശാചികമാണോ എന്നു നാം തിരി ച്ചറിയണം. അത് തിരിച്ചറിയേണ്ടത് ദൈവവചനമായ ബൈബിളിന്റെ അടി

സ്ഥാനത്തിലാകണം. ഇന്ന്, ദൈവവചനത്തിൽ കാണാത്ത എത്രയോ ഉപദേശങ്ങൾ സഭകളിൽ സ്ഥാനം പിടിച്ചുകഴിഞ്ഞിരിക്കുന്നു. സഭകൾ വിഘടിച്ചുനിൽക്കുന്നത് ഉപദേശങ്ങളിലെ വ്യത്യാസം നിമിത്തമാണ്. ബൈബിളിന്റെ ബൗണ്ടറി ലംഘിച്ചുകൊണ്ട്, വേദപണ്ഡിതന്മാർ എന്ന് സ്വയം അഹങ്കരിക്കുന്ന ചിലയാളുകൾ, പണത്തിന്റെ സ്വാധീനത്താൽ, പടച്ചുവിടുന്ന ദുരുപദേശങ്ങൾ രണ്ടു കൈയും നീട്ടി സ്വീകരിക്കാൻ ദൈവജനം തയ്യാറാള്ളിടത്തോളം കാലം ദുരുപദേശങ്ങൾക്ക് ഇവിടെ ക്ഷാമം ഉണ്ടാവുകയില്ല.

കൃത്യമായ വചനധ്യാനം ഓരോ വിശ്വാസിയും പരിശീലിക്കണം. കൃത്യമായ നിലയിലുള്ള വചനപഠനക്ലാസ്സുകൾ ഓരോ സ്ഥലംസഭയും പ്രോത്സാഹിപ്പിക്കണം. ദുരുപദേശങ്ങളെ അകറ്റിനിർത്താൻ ഇതു മാത്രമേ വഴിയുള്ളൂ. നിസ്സാരമായ വിധത്തിൽ ദൈവവചനത്തെയും ദൈവസഭയെയും സമീപിക്കുന്ന സ്വഭാവം നമ്മിൽ കാണപ്പെടരുത്. ദൈവം ഗൗരവത്തോടെ കാണുന്ന കാര്യങ്ങൾ നാമും ഗൗരവത്തോടെ കാണണം. ദൈവം മൂല്യം കല്പിക്കുന്നതിന് നാമും വില കൊടുക്കണം. ദുരുപദേശങ്ങളെ അകറ്റി നിർത്തണം.

*ആകയാൽ മാനസാന്തരപ്പെടുക. അല്ലാഞ്ഞാൽ ഞാൻ വേഗത്തിൽ വന്ന്*
*എന്റെ വായിലെ വാളുകൊണ്ട് അവരോടു പോരാടും (2:16)*

**മാനസാന്തരപ്പെടുക**

സഭയോടാണ് മാനസാന്തരപ്പെടാൻ കർത്താവ് പറയുന്നത്. വിശ്വാസികളാണ് മാനസാന്തരപ്പെടേണ്ടത്. ഒരിക്കൽ ഇവരെല്ലാം മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിച്ച് ദൈവമക്കൾ ആയവരാണ്. പക്ഷേ മുന്നോട്ടുള്ള ക്രിസ്തീയജീവിതത്തിൽ എവിടെയൊക്കെയോ പാളിച്ചകൾ സംഭവിച്ചു. കർണ്ണരസമാകുമാറ് ആരൊക്കെയോ നടത്തിയ പ്രസംഗങ്ങളിൽ അവർ ആകൃഷ്ടരാവുകയും, ദുരുപദേശങ്ങൾ അവരുടെ ഉള്ളിലും സഭയിലും പ്രവേശിക്കാൻ ഇടയാവുകയും ചെയ്തു. ഇക്കാര്യത്തിൽ അവർ ഉടനടി മാനസാന്തരപ്പെടണം. ദുരുപദേശങ്ങളെ സ്വീകരിച്ചതിൽ അവർ മാനസാന്തരപ്പെടണം.

**അല്ലാഞ്ഞാൽ ഞാൻ വേഗത്തിൽ വരും**

ഏതൊക്കെ മേഖലകളിലാണോ നാം മാനസാന്തരപ്പെടേണ്ടത്, ആ മേഖലകളിൽ നാം എത്രയും പെട്ടെന്ന് മാനസാന്തരപ്പെട്ടില്ലെങ്കിൽ, കർത്താവ് നമ്മുടെ നേരെ വേഗത്തിൽ വരും. അനുഗ്രഹിക്കാനുള്ള വരവല്ല അത്. ശിക്ഷിക്കാനുള്ള വരവാണത്. കർത്താവ് പറഞ്ഞിട്ടില്ലാത്ത, സാത്താനികോപദേശങ്ങൾ ദൈവസഭയിൽ കൊണ്ടുവരുന്നവരെ ദൈവം വെറുതെ വിടുകയില്ല.

**എന്റെ വായിലെ വാളുകൊണ്ട് അവരോടു പോരാടും**

ദുരുപദേശങ്ങളുമായി ഏറ്റുമുട്ടാൻ സാക്ഷാൽ കർത്താവ് തന്നെ രംഗത്ത് വരുന്നു! "മൂർച്ചയേറിയ ഇരുവായ്ത്തലവാൾ ഉള്ളവൻ അരുളിച്ചെയ്യുന്നത്" എന്നു പറഞ്ഞാണ് കർത്താവ് ഈ സഭയെ അഭിസംബോധന ചെയ്യുന്നത് (2:12). സ്വന്തം രക്തംകൊണ്ട് താൻ സമ്പാദിച്ച സഭയിൽ ദുരുപദേശങ്ങൾ കടന്നുവരുമ്പോൾ ഏറ്റവുമധികം അസ്വസ്ഥനാകുന്നത് കർത്താവാണ്. ആ ദുരുപദേശങ്ങളെ പുറംതള്ളാൻ ആദ്യം മുന്നിട്ടിറങ്ങുന്നതും കർത്താവാണ്.

കർത്താവിന്റെ വായിൽ നിന്ന് പുറപ്പെടുന്ന ഈ വാൾ ദൈവവചനമെന്ന വാളാണ് (എഫെസ്യർ 6:17, എബ്രായർ 4:12). ദൈവവചനത്തിനു വിപരീതമായ ആശയങ്ങളെ തകർക്കാൻ ദൈവവചനമാകുന്ന വാളുമായി കർത്താവ് വരുന്നു. എങ്ങനെയാണ് ഇത് സാധ്യമാകുന്നത്? ദുരുപദേശങ്ങളെ ചെറുക്കാൻ ദൈവം തന്റെ ദാസന്മാരെ എഴുന്നേൽപ്പിക്കും. അവർക്ക് ആ ദുരുപദേശങ്ങളെ ചെറുക്കാനുള്ള വചനത്തിന്റെ ഉള്ളറകൾ കർത്താവ് കാണിച്ചുകൊടുക്കും. പരിശുദ്ധാത്മാവ് കൊടുക്കുന്ന ജ്ഞാനത്താൽ ദൈവമക്കൾ ദുരുപദേശങ്ങൾക്കെതിരെ പോരാടും.

ക്രിസ്ത്യാനികളുടെ ഇടയിൽ കൂണുപോലെ ദുരുപദേശങ്ങൾ മുളച്ചു വളരുന്നു. അതോടൊപ്പം തന്നെ അതിനോട് പോരാടാൻ ദൈവം തന്റെ മക്കളെ എഴുന്നേൽപ്പിക്കുന്നു. കാലാകാലങ്ങളിൽ അനേകം ദൈവദാസന്മാർ ഈ നിലയിൽ ദൈവവചനവുമായി എഴുന്നേറ്റിട്ടുണ്ട് – അഥവാ, കർത്താവ് എഴുന്നേൽപ്പിച്ചിട്ടുണ്ട്. ഇക്കാലത്തും അത് സംഭവിക്കുന്നുണ്ട്. ദുരുപദേശങ്ങളുടെ മുന്നിൽ അടിയറവ് പറഞ്ഞ്, "ഞാൻ ഒരു പ്രശ്നത്തിനും ഇല്ല" എന്ന മനോഭാവത്തോടെ, 'അടങ്ങിയൊതുങ്ങി', പാവത്താനായി കഴിയാനല്ല ദൈവം നമ്മെ വിളിച്ചത്. ദുരുപദേശങ്ങളെ തിരിച്ചറിയാനും അതിനെതിരെ പോരാടാനും നമുക്ക് ചുമതലയുണ്ട്.

പ്രാർത്ഥനയോടെ വചനം പഠിച്ച്, ദൈവവചനമാകുന്ന ഇരുവായ്ത്തലവാൾ ഉപയോഗിക്കാൻ നാം പരിശീലിക്കണം. വാൾ (ബൈബിൾ) വീട്ടിലുണ്ടായാൽ പോരാ. അതെടുത്ത് പ്രയോഗിക്കാൻ അറിയണം. പടവെട്ടേണ്ടത് എങ്ങനെയെന്ന് പരിശീലിക്കണം. ചുവടുകൾ വയ്ക്കുവാൻ ദൈവം സഹായിക്കേണ്ടതിനായി പ്രാർത്ഥിക്കണം. ശത്രു ശക്തനാണ്. കബളിപ്പിക്കാൻ മിടുക്കനാണ്. നമ്മുടെ കരുത്ത് ദൈവവചനമെന്ന വാളാണ്. ശത്രുവിന്റെ കൈയിൽ അതില്ല. കഴിഞ്ഞ കാലങ്ങളിൽ ഊരിപ്പിടിച്ച, ദൈവവചനമെന്ന ഇരുവായ്ത്തലവാളുമായി യുദ്ധം ജയിച്ച അനേകം ദൈവമക്കളുണ്ട്.

ഓർക്കുക: ദുരുപദേശങ്ങളോട് കർത്താവ് പോരാടുന്നത് തന്റെ വിശുദ്ധരിലൂടെയാണ്.

**(തുടരും)**

സുവിശേഷകനായ

# കെ. വി. ഐസക്, പീച്ചി (15)

**അഭിമുഖം**



*ഈ ഗേഹം വിട്ടുപോകിലും, എന്റെ ദൈവം മതിയായവൻ, എന്നേശു നാഥന്റെ വരവെന്നോ, യേശുവേ നീ കൂടവേ..*
എന്നിങ്ങനെ 60-ലധികം ക്രിസ്തീയഗാനങ്ങളുടെ ശില്പി. ബ്രദറൺ സുവിശേഷകൻ. വേദാദ്ധ്യാപകൻ.

## 21. 'സ്നേഹിക്കും ഞാൻ എൻ യേശുവേ...'

വൈ.എം.ഈ.എഫ് പ്രസിദ്ധീകരിച്ച ആത്മീയഗീതങ്ങൾ എന്നു പുസ്തകത്തിലെ, *സ്നേഹിക്കും ഞാൻ എൻയേശുവേ* എന്ന ഗാനത്തിന്റെ പശ്ചാത്തലവിശേഷമാണ് ഈ ലക്കത്തിൽ ഞാൻ പ്രിയ വായനക്കാരുമായി പങ്കുവയ്ക്കുന്നത്. ആ പാട്ടുപുസ്തകത്തിലെ 385-ാമത്തെ ഗാനമാണത്.

പീച്ചി ബ്രദറൺസഭയിൽ മൂപ്പനായിരിക്കുമ്പോഴാണ് ഞാൻ വേലയ്ക്കായി വേർതിരിഞ്ഞത്. 1986ൽ, എളനാട് പ്രവർത്തിച്ച് അവിടെ ഒരു സഭയുണ്ടായി. അക്കാലത്ത് ചുവന്നമണ്ണിലും പ്രവർത്തനം തുടങ്ങിക്കഴിഞ്ഞിരുന്നു. രാവിലെ തൊണ്ട്കാപ്പി കുടിച്ചാണ് പ്രവർത്തനത്തിനായി ഇറങ്ങുക. തൊണ്ടുകാപ്പി എന്നു പറഞ്ഞാൽ എന്താണെന്ന് എത്ര പേർക്ക് അറിയാമെന്ന് എനിക്കറിഞ്ഞുകൂടാ. കാപ്പിയുടെ തൊണ്ട് വറുത്ത് അതിട്ട് ഉണ്ടാക്കുന്നതാണ് തൊണ്ടുകാപ്പി. അത് ഒരു കപ്പ് കുടിച്ച് വീട്ടിൽ നിന്നിറങ്ങും.

ഞാനങ്ങനെ പോകുമ്പോൾ, വിശ്വാസികളുടെ കുടുംബത്തിലെ ഒരാൾ ഞാൻ കേൾക്കെ ഇങ്ങനെ പറയുന്നതു കേട്ടു: "ഇവനൊക്കെ ഇത്രേം കാലം നടന്നിട്ടും ഒരു കാച്ചാംപൊടിച്ചി പോലും കിട്ടീല്ല" (കുളത്തിലെ വെള്ളത്തിന്റെ മുകളിൽ കാണപ്പെടുന്ന തീരെ ചെറിയ മത്സ്യക്കുഞ്ഞുങ്ങളെയാണ് കാച്ചാംപൊടിച്ചി എന്നു പറയുന്നത്). എളനാട് ഒരു സഭ രൂപംകൊണ്ടിട്ടുള്ളതാണ്. എന്നിട്ടുപോലും എന്നെ കളിയാക്കിക്കൊണ്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞത് ഞാനിപ്പോഴും വ്യക്തമായി ഓർക്കുന്നു.

അന്ന് ചുവന്നമണ്ണിലെ വഴക്കുംപാറയിലെ വാടകയ്ക്ക് എടുത്ത ഒരു റൂമിൽ ഞാൻ പ്രാർത്ഥനയിൽ സമയം ചെലവഴിക്കും. എന്റെ കൂടെ പ്രവർത്തിക്കാൻ ആരുമില്ല. സ്കൂൾ വിട്ട് വരുന്ന ചില കുട്ടികളോടൊപ്പം ഞാൻ അടുത്തുള്ള വീടുകൾ സന്ദർശിക്കും. വൈകുന്നേരം ബൈബിൾക്ലാസ്സുണ്ട്. അതിൽ എഴുപത്തിയഞ്ച് പേരോളം പങ്കെടുത്തിരുന്നു.

എന്നിട്ടും മേല്പറഞ്ഞ പരിഹാസം എന്റെ ചെവിയിൽ കേൾക്കുവാനിടയായി. ഇതുപോലുള്ള പല പ്രയാസങ്ങൾ എന്റെ സ്ഥലംസഭയായ പീച്ചിയിൽനിന്ന് അക്കാലങ്ങളിൽ ഞാൻ അനുഭവിച്ചിട്ടുണ്ട്. അതിലൂടെ ദൈവം എന്നെ ചില പാഠങ്ങൾ പഠിപ്പിക്കുകയായിരുന്നു.

അന്നാളിൽ ഞങ്ങളുടെ വേനൽക്കാലവരുമാനം എന്നു പറയുന്നത് കശുവണ്ടിയാണ്. മെയ്മാസമാകുമ്പോൾ രണ്ട് ചാക്ക് കശുവണ്ടി ശേഖരിച്ചുവയ്ക്കും. അടുത്തമാസം കുഞ്ഞുങ്ങളെ സ്കൂളിലേക്ക് അയയ്ക്കേണ്ടതുള്ളതുകൊണ്ട്, അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ട പണമുണ്ടാക്കാനാണ് ഇങ്ങനെ ചെയ്തിരുന്നത്. സ്കൂൾ തുറക്കാറാകുമ്പോൾ, അത് വിറ്റ് കിട്ടുന്ന പണംകൊണ്ട് മക്കൾക്ക് വസ്ത്രം വാങ്ങിക്കുകയും അവരുടെ മറ്റാവശ്യങ്ങൾ നിറവേറ്റുകയും ചെയ്യും. അതാണ് പതിവ്.


എന്നാൽ ആ വർഷം കശുവണ്ടി കുറവായിരുന്നു. ബൈബിൾക്ലാസ് കഴിഞ്ഞ് അന്ന് രാത്രി ഞാൻ വീട്ടിൽ വന്നു. രാവിലെ കേട്ട പരിഹാസം എന്റെ മനസ്സിൽനിന്ന് മാഞ്ഞിട്ടില്ല. ഞാനും എന്റെ ഭാര്യയും അല്പനേരം ഇരുന്ന് പ്രാർത്ഥിച്ചു. ഞങ്ങൾക്ക് അന്ന് കട്ടിൽ ഇല്ല. ഒരു മരപ്പലകകൊണ്ട് ഉണ്ടാക്കിയ തട്ട് ആണുള്ളത്. കുട്ടികളെല്ലാം താഴെ കിടക്കും. അന്നേരം എന്റെ ഭാര്യ എന്നോട് ചോദിച്ചു: ഈ വർഷം നമ്മളെങ്ങനെയാണ് മക്കളെ സ്കൂളിലേക്ക് പറഞ്ഞുവിടുന്നത്? ഞാനതിന് മറുപടിയൊന്നും പറഞ്ഞില്ല.

ഞാൻ അവിടെ ചമ്രം പടിഞ്ഞിരുന്ന് ആദ്യം ഈ വരിയാണ് പാടിയത്:

*ഞാനുമെന്റെ കുടുംബവും കർത്തനെ സേവിച്ചിടുമേ*
*തൻകൃപയിൽ ദിനംതോറും ആശ്രയിച്ചാശ്വസിക്കുമേ*

ഞാൻ വരികളെഴുതുകയായിരുന്നില്ല, പാടുകയായിരുന്നു. ബാക്കിയുള്ള വരികളും അവിടെയിരുന്ന് പാടി. ആ പാട്ടിന്റെ തുടക്കം, *സ്നേഹിക്കും ഞാൻ എൻ യേശുവേ,* എന്നായിരുന്നു. ബുൾബുളിൽ അത് പാടി. രാവിലെ എഴുന്നേറ്റ് മക്കളെ അത് പഠിപ്പിച്ചു. സഭയിലും പാടി.

മൂത്ത രണ്ട് മക്കളുടെ യൂണിഫോമിന്റെ കാര്യത്തിലായിരുന്നു ആശങ്ക. അവർ രണ്ടുപേരും ഹൈസ്കൂളിലായിരുന്നു. അവരുടെ യൂണിഫോം പച്ച പാവാടയും വെള്ള ഷർട്ടുമായിരുന്നു. ഞാൻ എന്റെ സ്നേഹിതനായ പട്ടിക്കാടുള്ള ജോർജ്ജേട്ടന്റെ

**സുവിശേഷകൻ കെ. വി. ഐസക് തന്റെ ബുൾബുൾ എന്ന സംഗീതോപകരണം വായിക്കുന്നു**

അടുത്ത് ചെന്ന് ആ പാവാട മറിച്ച് അടിച്ചു തരാൻ പറഞ്ഞു. അദ്ദേഹം ആ പാവാടകൾ മറിച്ച് തയ്ച്ചുതന്നു. അവ കഞ്ഞിമുക്കി നന്നായി തേച്ച് അവരെ സ്കൂളിലേക്ക് അയച്ചു. 1986 മെയ് മാസത്തിൽ സംഭവിച്ച കാര്യമാണിത്. ഈ അനുഭവങ്ങളോടുള്ള ബന്ധത്തിൽ എഴുതിയ പാട്ടാണ് *സ്നേഹിക്കും ഞാൻ എൻ യേശുവേ,* എന്നുള്ളത്.

മസ്കറ്റിലെ സഹോദരന്മാരും അങ്കമാലിയിലെ സഹോദരന്മാരും ആ പാട്ട് ഉൾപ്പെടുത്തിക്കൊണ്ട് കാസറ്റുകൾ ഇറക്കുകയുണ്ടായി. അങ്കമാലിക്കാർ തയ്യാറാക്കിയ കാസറ്റിൽ പാടിയത് അമേരിക്കയിലുള്ള ഒരു തമ്പാൻസഹോദരനായിരുന്നു. എന്റെ ജീവിതാനുഭവത്തിന്റെ അടിസ്ഥാനത്തിൽ എഴുതിയ ആ ഗാനത്തിലെ വരികളും അപ്രകാരമായിരുന്നു. നിന്ദിക്കപ്പെടുന്നതിനെപ്പറ്റിയും പരിഹസിക്കപ്പെടുന്നതിനെപ്പറ്റിയുമെല്ലാം അതിൽ കുറിച്ചിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ ഞാൻ മനുഷ്യരോട് ചെന്ന് യാതൊരു പരാതിയും പറഞ്ഞില്ല. എല്ലാം ദൈവത്തോടാണ് പറഞ്ഞത്. ദൈവം പിന്നീട് ആ കാര്യങ്ങൾക്കെല്ലാം പരിഹാരം കണ്ടു.

ഇപ്പോൾ ആ സ്ഥലത്ത്, ദൈവകൃപയാൽ 33 വീട്ടുകാരുള്ള ഒരു സ്ഥലം സഭയുണ്ട്. സ്ഥലം ദൈവം തന്നു. സഭ തന്നു. ദൈവജനത്തെ തന്നു. ശുശ്രൂഷകന്മാരെ തന്നു. സുവിശേഷകന്മാരെ തന്നു. കഴിഞ്ഞ 38 വർഷത്തിലധികമായി സമാധാനത്തോടെ സഭ മുന്നോട്ടുപോകുന്നു. കർത്താവിനെ ആരാധിക്കാനും ശാന്തമായി മുന്നോട്ടുപോകാനും ഇതുവരെയും ദൈവം സഹായിച്ചു. ദൈവത്തെ സേവിക്കുന്നതുകൊണ്ട് ലാഭമുണ്ടാക്കുന്നയാളുകൾ ഉണ്ട്. പക്ഷേ എനിക്ക് ദൈവത്തെ സേവിച്ചതുകൊണ്ട് ഉണ്ടായ ലാഭവും എനിക്ക് ദൈവം തന്നതും ആത്മാക്കളേയും സഭകളേയുമാണ്.

പല സ്ഥലങ്ങളിലും പ്രവർത്തിച്ച് സഭകൾ ഉണ്ടായിട്ടുണ്ട്. പക്ഷേ അതിൽ പലതും നിലനിർത്താൻ കഴിഞ്ഞില്ല. കാരണം ബ്രദറിനിസം അങ്ങനെയാണല്ലോ. അതുകൊണ്ടുള്ള വേദനയും എനിക്കുണ്ട്. കഴിഞ്ഞ തിങ്കളാഴ്ചയും (12-05-2025) ആ വേദന എനിക്ക് നേരിട്ട് അനുഭവിക്കാൻ ഇടയായി. ഞാൻ മൂലം രൂപം കൊണ്ട ഒരു സഭയിലെ ഒന്നുരണ്ട് വ്യക്തികളെ കണ്ടപ്പോൾ എനിക്ക് വലിയ വേദനയുളവായി.

ദൈവവജനം ശ്രദ്ധിക്കുക. സുവിശേഷപ്രവർത്തനവും പ്രസംഗവും ആവശ്യം തന്നെ. പക്ഷേ അതിലൂടെ മുന്നോട്ടുവരുന്നവരെ നിലനിർത്താൻ കൂടി കഴിയണം. അവരെ പക്വതയുള്ള വിശ്വാസികളായി നിലനിർത്തുന്നതിനു വേണ്ടിയുള്ള അദ്ധ്വാനം ആവശ്യമാണ്. സുവിശേഷകന്മാർ സഭയെ സ്നേഹിക്കണം. അതുപോലെത്തന്നെ സുവിശേഷം കൊണ്ട് നേടുന്നയാളുകളെ സഭകളിൽ നിലനിർത്തണം. ഞാൻ സുവിശേഷകനാണ്. സഭാമൂപ്പനുമാണ്. എന്റെ അനുഭവങ്ങളാണ് ഞാൻ പങ്കുവയ്ക്കുന്നത്. **(തുടരും)**

# യോനാ
## (പുസ്തകപഠനം)

13

### -എംവിഎസ്-

**യോനാ - ഒന്നാം അദ്ധ്യായം**

**യോനാ 1:6** (തുടർച്ച)

**കപ്പൽപ്രമാണി അവന്റെ അടുക്കൽ വന്ന് അവനോട്: നീ ഉറങ്ങുന്നത് എന്ത്? എഴുന്നേറ്റ് നിന്റെ ദൈവത്തെ വിളിച്ചപേക്ഷിക്ക; നാം നശിച്ചുപോകാതിരിക്കേണ്ടതിന് ദൈവം പക്ഷേ നമ്മെ കടാക്ഷിക്കും എന്നു പറഞ്ഞു.**

കഴിഞ്ഞ ലക്കത്തിൽ, ഈ വാകൃത്തിന്റെ അടിസ്ഥാനത്തിൽ, കപ്പൽപ്രമാണി (captain) നേതൃഗുണമുള്ള വ്യക്തിയായിരുന്നു എന്നു നാം ചിന്തിച്ചതാണ്. അവൻ വിശ്വാസിയല്ലെങ്കിലും, നല്ലൊരു നേതാവിനുവേണ്ട ഗുണങ്ങൾ അവനിൽ ഉണ്ട്. ആ ഗുണങ്ങൾ ഓരോന്നായി നാം ചിന്തിക്കുകയാണ്.

**1. കപ്പൽപ്രമാണിയുടെ ശ്രദ്ധ**

അദ്ദേഹം ആ കപ്പലിലെ എല്ലാവരെയും ശ്രദ്ധിക്കുന്നവനായിരുന്നു. കപ്പലിന്റെ അടിത്തട്ടിൽ കിടന്നുറങ്ങിയിരുന്ന യോനായേയും അദ്ദേഹം കണ്ടു. ഇതിനെപ്പറ്റി നാം കഴിഞ്ഞ ലക്കത്തിൽ നാം ചിന്തിച്ചുവല്ലോ.

**2. കപ്പൽപ്രമാണിയുടെ ചോദ്യം**

"നീ ഉറങ്ങുന്നത് എന്ത്?" ഉറങ്ങേണ്ട സമയത്താണ് യോനാ ഉറങ്ങിയതെങ്കിൽ കപ്പൽപ്രമാണി ഈ ചോദ്യം ചോദിക്കില്ലായിരുന്നു. ഉറങ്ങാൻ പാടില്ലാത്ത സമയത്താണ് യോനായുടെ ഉറക്കം. ഒരു നല്ല ലീഡർ അനാവശ്യമായി ഉറങ്ങുന്നവരെ ഉണർത്തും. O sleeper (അല്ലയോ, ഉറങ്ങുന്നവനേ) എന്നാണ് അദ്ദേഹം വിളിച്ചത്. പഠിക്കാൻ പുസ്തകമെടുത്താൽ ഉറങ്ങുന്നവർ, പ്രാർത്ഥിക്കാൻ ഇരുന്നാൽ ഉറങ്ങുന്നവർ, ബൈബിൾക്ലാസ്സിന്റെ സമയത്ത് ഉറങ്ങുന്നവർ ഇവരെയെല്ലാം ഉണർത്തേണ്ട ഉത്തരവാദിത്തം ലീഡർക്കുണ്ട്.

രാത്രി, ഉറങ്ങേണ്ട സമയത്ത് ഉറങ്ങാതെ, മൊബൈലിൽ കാഴ്ചകൾ കണ്ടിരുന്ന്, പകൽസമയം ക്ലാസ്സിലിരുന്ന് ഉറങ്ങുന്ന കോളേജ്കുമാരന്മാരും

കുമാരിമാരും ഉണ്ട്. രാത്രി ഉറങ്ങാത്തതുനിമിത്തം കണ്ണ് ചുവന്നുകലങ്ങി, അവർ ക്ലാസ്സിൽ വരും. വീട്ടിലല്ല ഉറക്കം, ക്ലാസ്സ്മുറിയിലാണ്. ഉറങ്ങേണ്ട സമയത്ത് ഉറങ്ങണം. അല്ലാത്ത സമയത്ത് ഉറങ്ങരുത്. ഉണർന്നിരുന്ന് ഏതെങ്കിലും ഗുണപ്രദമായ കാര്യങ്ങളിൽ വ്യാപൃതരാകണം.

കൊയ്ത്തുകാലത്ത് ഉറങ്ങുന്നവൻ നാണംകെട്ടവനാണത്രേ (സദൃശ.10:5). അനാവശ്യമായി ഉറങ്ങുന്നവൻ മടിയനാണെന്ന് വേദപുസ്തകം സാക്ഷ്യപ്പെടുത്തുന്നു. "മടിയാ, നീ എത്രനേരം കിടന്നുറങ്ങും? എപ്പോൾ ഉറക്കത്തിൽനിന്ന് എഴുന്നേൽക്കും? കുറെക്കൂടെ ഉറക്കം. കുറെക്കൂടെ നിദ്ര. കുറെക്കൂടെ കൈകെട്ടി കിടക്ക. അങ്ങനെ നിന്റെ ദാരിദ്ര്യം വഴിപ്പോക്കനെപ്പോലെയും നിന്റെ ബുദ്ധിമുട്ട് ആയുധപാണിയെപ്പോലെയും വരും" (സദൃശ. 6:9-11). ആത്മികമായി ഉറക്കാവസ്ഥയിൽ ഇരിക്കുന്നവരും ദൈവമുമ്പാകെ മടിയന്മാരാണ്. പ്രാർത്ഥിക്കുവാൻ പറഞ്ഞ് ഇരുത്തിയിട്ട്, ഉറങ്ങിപ്പോയ ശിഷ്യന്മാരോട് കർത്താവ് ചോദിച്ചു: "നിങ്ങൾ ഉറങ്ങുന്നത് എന്ത്?" (ലൂക്കൊസ് 22:46). ഈ ചോദ്യം നമ്മോട് ചോദിക്കുവാൻ നമ്മുടെ കപ്പൽപ്രമാണിയായ കർത്താവുണ്ട്. അതുകൊണ്ട് മടിയന്മാരായ വിശ്വാസികൾ ഉണരുക.

### 3. കപ്പൽപ്രമാണിയുടെ ഉപദേശം

"എഴുന്നേറ്റ് നിന്റെ ദൈവത്തെ വിളിച്ചപേക്ഷിക്ക" ഈ ക്യാപ്റ്റൻ മതേതരത്വം ഇഷ്ടപ്പെടുന്നവനാണ്. ഓരോരുത്തരോട്, അവനവന്റെ ദേവനെ വിളിച്ചപേക്ഷിക്കാനാണ് അദ്ദേഹം ആവശ്യപ്പെടുന്നത്. ഇന്നത്തെ പല നേതാക്കളും ഇതുപോലെത്തന്നെയാണ്. ജയ് ശ്രീരാം എന്നു പറയാൻ അന്യമതക്കാരെ നിർബന്ധിക്കുകയും, അപ്രകാരം വിളിച്ചില്ലെങ്കിൽ അവരെ ക്രൂരമായി മർദ്ദിക്കുകയും ചെയ്യുന്ന ചില നീചന്മാർ നമ്മുടെ ഭാരതത്തിലുണ്ട്. മതേതരത്വം എന്ന ആശയത്തിന്റെ അന്തസ്സ് അറിയാത്ത തെമ്മാടിക്കൂട്ടമാണ് അവർ.

നമ്മുടെ കപ്പൽപ്രമാണി എല്ലാ മതങ്ങളിലും വിശ്വസിക്കുന്നു. എല്ലാ ദേവന്മാരെയും അംഗീകരിക്കുന്നു. ഇത് നല്ല പ്രവണതയല്ല. "എല്ലാം ഒന്നു തന്നെ", "എല്ലാ നദികളും കടലിലേക്ക്", "ഞങ്ങൾക്ക് എല്ലാ ദൈവങ്ങളിലും വിശ്വാസമുണ്ട്" എന്നിങ്ങനെ പറയുന്ന പലരേയും കണ്ടിട്ടുണ്ട്. അവരെപ്പോലുള്ള ഒരാളാണ് ഇദ്ദേഹം. ഇതുവരെ വിളിച്ച ദൈവങ്ങളൊന്നും പോരാ; ഇനി യോനായുടെ ദൈവം കൂടി വേണം.

"എനിക്കുവേണ്ടി പ്രാർത്ഥിച്ചോളോ" എന്നു ആളുകൾ പരസ്പരം പറയുന്നതു കേട്ടിട്ടുണ്ട്. എന്നാൽ ദൈവമക്കൾ ഇങ്ങനെ പറയേണ്ടത് ദൈവമക്കളോട് മാത്രമാണ്. മറ്റുള്ളവരോട് നമുക്കുവേണ്ടി പ്രാർത്ഥിക്കാൻ പറയേണ്ടതില്ല. അവരുടെ പ്രാർത്ഥന ആരോടാണ്? ആ ദൈവത്തിന്റെ കൂടി

സഹായം നമുക്കു വേണോ? ജീവനുള്ള, സർവശക്തനായ ദൈവം നമ്മോടുകൂടിയുള്ളപ്പോൾ വിഗ്രഹദൈവങ്ങളുടെയും മൂർത്തികളുടെയും സഹായം നമുക്കെന്തിന്?

പല ദൈവങ്ങളുടെയും പ്രവർത്തനത്താൽ രക്ഷപ്പെടാൻ കപ്പൽപ്രമാണി ആഗ്രഹിക്കുന്നു. എല്ലാവരും ഒരുമിച്ചുനിന്ന്, അവരവരുടെ ദൈവത്തോട് പ്രാർത്ഥിക്കണം. 'ടീം വർക്ക്' (team work) ആണ് അദ്ദേഹം പ്രോത്സാഹിപ്പിക്കുന്നത്. മികച്ച ലീഡർമാർ അങ്ങനെയാണ്. ടീം വർക്കിലൂടെ, ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിലൂടെ, പ്രശ്നത്തെ അഭിമുഖീകരിക്കാനും വിജയം നേടാനും ശ്രമിക്കും. പക്ഷേ, ദൈവങ്ങളെ ഒരുമിച്ചുനിർത്തുന്ന 'ടീം വർക്ക്' ഭോഷത്വമാണെന്ന് അദ്ദേഹത്തിന് അറിയില്ലായിരുന്നു. മനുഷ്യർ ബലഹീനരും പല നിലകളിൽ കുറവുകൾ ഉള്ളവരും ആയതുകൊണ്ടാണ്, മനുഷ്യരുടെ 'ടീം വർക്ക്' ആവശ്യമായി വരുന്നത്. യഥാർത്ഥ ദൈവം മനുഷ്യരെപ്പോലെ ബലഹീനനല്ല. അതുകൊണ്ട് പല ദൈവങ്ങളുടെ 'ടീം വർക്ക്' നമുക്ക് ആവശ്യമില്ല.

ചില ബസ്സുകളിൽ പല ദൈവങ്ങളുടെയും ഫോട്ടോകൾ കാണാം. ആ ബസ്സും അതിലെ യാത്രക്കാരും പല ദൈവങ്ങളുടെ ടീം വർക്കിനാൽ ലക്ഷ്യസ്ഥാനത്തെത്തണം എന്ന സന്ദേശമാണ് ആ ഫോട്ടോകൾ നമ്മോട് അറിയിക്കുന്നത്. ഏതെങ്കിലും ഒരു ദൈവത്തിൽ വിശ്വാസമുണ്ടെങ്കിൽ, ആ ദൈവം സാക്ഷാലുള്ള ദൈവമാണെങ്കിൽ, പിന്നെന്തിന് മറ്റു ദേവന്മാരുടെ ടീം വർക്കിന്റെ ആവശ്യം? സത്യദൈവത്തെ കണ്ടുമുട്ടിയിട്ടില്ലാത്ത കപ്പൽപ്രമാണി തന്റെ പരിമിതമായ അറിവ് വച്ച്, എങ്ങനെയെങ്കിലും രക്ഷപ്പെടാനായി ചെയ്ത ഒരു കാര്യമായിരുന്നു അത്. അദ്ദേഹത്തോട് സഹതപിക്കുക മാത്രമേ നിവർത്തിയുള്ളൂ.

**4. കപ്പൽപ്രമാണിയുടെ പ്രത്യാശ**

“നാം നശിച്ചുപോകാതിരിക്കേണ്ടതിന് (നിന്റെ) ദൈവം പക്ഷേ നമ്മെ കടാക്ഷിക്കും” സർവശക്തനും നിത്യനുമായ സാക്ഷാൽ ദൈവത്തെക്കുറിച്ച് വേണ്ടത്ര അറിവില്ലെങ്കിലും, നിന്റെ ദൈവം പക്ഷേ നമ്മെ കടാക്ഷിക്കും എന്ന് കപ്പൽപ്രമാണി പറയുന്നു. നാം അനുഭവിക്കുന്ന ഏത് പ്രശ്നത്തിൽനിന്നും നമ്മെ അത്ഭുതകരമായി വിടുവിക്കാൻ നമ്മുടെ ദൈവം പ്രാപ്തനാണ്. ഉറപ്പുള്ള പ്രത്യാശ നമുക്കുണ്ടാകണം. ഉറപ്പും ധൈര്യവുമുള്ളവരായി നാം കാണപ്പെടണം. നാം നശിച്ചുപോകാതിരിക്കുന്നത് നമ്മുടെ ദൈവത്തിന്റെ ദയയാണ്. പല ദൈവങ്ങളിൽ നമുക്ക് പ്രത്യാശ വേണ്ട. വിശ്വസിക്കുന്നുവെങ്കിൽ ഏകദൈവത്തിൽ വിശ്വസിക്കുക. പ്രത്യാശ വയ്ക്കുന്നുത് ആ ഏകദൈവത്തിലാകണം.

**(തുടരും)**

# 40 ചോദ്യവും ഉത്തരവും

**-എംവിഎസ്-**

? *ഉല്പത്തിപ്പുസ്തകത്തിൽ, ദൈവം സസ്യങ്ങളെയും വൃക്ഷങ്ങളെയും സൃഷ്ടിച്ചത് മൂന്നാംദിവസമാണ്. എന്നാൽ സൂര്യനെ സൃഷ്ടിച്ചത് നാലാം ദിവസമാണ്. സസ്യങ്ങളുടെ നിലനില്പിന് പ്രകാശസംശ്ലേഷണം ആവശ്യമാണ്. സൂര്യനില്ലാതെ പ്രകാശസംശ്ലേഷണം നടക്കില്ല. സൂര്യൻ ഉണ്ടാകുന്നതിനു മുമ്പ് എങ്ങനെ സസ്യങ്ങൾ നിലനിന്നു? ബൈബിളിൽ എഴുതിവച്ചിരിക്കുന്നത് ഇതുപോലുള്ള മണ്ടത്തരങ്ങളല്ലേ?*

**(തൃശ്ശൂരിലെ ചേറൂരിൽ സുവിശേഷപ്രവർത്തനത്തോടുള്ള ബന്ധത്തിൽ ലഘുലേഖകൾ വിതരണം ചെയ്യുമ്പോൾ, സമീപത്തുള്ള ഫയർഫോഴ്സിലെ ഒരു ഉദ്യോഗസ്ഥൻ എന്റെ അടുത്ത് വന്ന് ചോദിച്ച ചോദ്യമാണിത്. അദ്ദേഹം നിരീശ്വരവാദിയാണെന്നാണ് സ്വയം പരിചയപ്പെടുത്തിയത്)**

**മറുപടി:**

മൂന്നാംദിവസം മരങ്ങളും സസ്യങ്ങളും സൃഷ്ടിച്ചു എന്നത് ശരി തന്നെ. അതിനുശേഷമാണ് സൂര്യനെ സൃഷ്ടിച്ചത്. സൂര്യന് മുമ്പ് സൃഷ്ടിച്ച മരങ്ങളും സസ്യങ്ങളും എങ്ങനെ സൂര്യപ്രകാശം ഉപയോഗിച്ച് പ്രകാശസംശ്ലേഷണം നടത്തും എന്നാണ് അദ്ദേഹം ചോദിച്ചത്.

പ്രകാശസംശ്ലേഷണം നടത്തുവാൻ ആവശ്യമായ നിലയിലുള്ള സസ്യങ്ങളെയും മരങ്ങളെയുമല്ല ദൈവം സൃഷ്ടിച്ചത് എന്നാണ് ഇതിനുള്ള മറുപടി. അതെല്ലാം പിന്നീട് ദൈവം ക്രമീകരിച്ച കാര്യങ്ങളാണ്. പിന്നീട് ദൈവം വരുത്തിയ മാറ്റങ്ങളാണ്.

മനുഷ്യനെ ദൈവം സൃഷ്ടിച്ചപ്പോൾ, കുഞ്ഞായിട്ടല്ല സൃഷ്ടിച്ചത്. പൂർണ്ണ മനുഷ്യനായിട്ടായിരുന്നു. അമ്മിഞ്ഞപ്പാൽ കുടിക്കാതെ ഒരു കുഞ്ഞ് വളർന്നാൽ രോഗപ്രതിരോധശക്തി കുറയും, ശരിയായ വളർച്ച ആ കുഞ്ഞിന് ഉണ്ടാവുകയില്ല, ആ കുഞ്ഞ് വളർന്നുവന്നാൽ പല വിധമായ ആരോഗ്യപ്രശ്നങ്ങളും ഉണ്ടാകും എന്നൊക്കെ നാം പറഞ്ഞുകേട്ടിട്ടുണ്ടല്ലോ. ആദാം അമ്മയുടെ മുലപ്പാൽ കുടിച്ചിട്ടില്ല. അമ്മയുടെ വാത്സല്യം ആസ്വദിച്ചിട്ടില്ല. അമ്മയുടെ മുലപ്പാൽ കുടിക്കാത്ത ആദാമിന് ആരോഗ്യപ്രശ്നങ്ങളോ, അമ്മയുടെ വാത്സല്യം അനുഭവിക്കാത്തതുകൊണ്ട് മാനസികപ്രശ്നങ്ങളോ ഇല്ല.

സിംഹവും പുലിയുമുൾപ്പെടെ സകല മൃഗങ്ങൾക്കും പറവകൾക്കും ആഹാരമായി പച്ചസസ്യമാണ് ദൈവം കൊടുത്തത് (ഉല്പത്തി 1:30). സിംഹവും പുലിയും കടുവയും ചെന്നായുമെല്ലാം സസ്യഭുക്കുകളായിരുന്നു. പിന്നീടാണ് അവ മാംസഭുക്കുകളായി മാറിയത്. സൃഷ്ടിയുടെ തുടക്കത്തിലുള്ള അവസ്ഥയിൽനിന്നും ദൈവം പിന്നീട് ചില മാറ്റങ്ങൾ വരുത്തി എന്നാണ് ബൈബിൾ വ്യക്തമാക്കുന്നത്.

സൃഷ്ടിയുടെ തുടക്കത്തിൽ, സസ്യങ്ങളും വൃക്ഷങ്ങളും പ്രകാശസംശ്ലേഷണം ആവശ്യമില്ലാത്ത തരത്തിലുള്ളതായിരുന്നുവെന്നും, പിന്നീടാണ് ദൈവം അവയിൽ മാറ്റങ്ങൾ വരുത്തിയത് എന്നും മനസ്സിലാക്കാവുന്നതാണ്. ശാസ്ത്രം സൃഷ്ടിപ്പിനെ സംബന്ധിച്ച് പറയുന്ന മണ്ടത്തരങ്ങളേക്കാൾ വിശ്വസനീയമാണ് ബൈബിളിലെ വിവരണം.

? *വയനാടിൽ ഉരുൾപൊട്ടൽ ഉണ്ടായപ്പോൾ ഒരു ക്രിസ്ത്യൻപള്ളിയും മുസ്ലീംപള്ളിയും അമ്പലവും ഒലിച്ചുപോയി. ഇതിൽ ഏതെങ്കിലും ഒരു ദൈവത്തിന് ആ ദുരന്തം തടയാനായില്ല. ദൈവമുണ്ടെന്ന ചിന്ത ശരിയല്ല എന്നല്ലേ ഇതിൽനിന്നെല്ലാം മനസ്സിലാകുന്നത്?*

**(നേരത്തേ ചോദിച്ച ആ നിരീശ്വരവാദിയായ ഫയർഫോഴ്സ് ഉദ്യോഗസ്ഥൻ തന്നെയാണ് ഈ ചോദ്യവും ചോദിച്ചത്)**

നാശനഷ്ടങ്ങൾ സംഭവിച്ചവയിൽ ക്രിസ്ത്യൻ-ഹിന്ദു-മുസ്ലീം ആരാധനാലയങ്ങൾ ഉള്ളതിനാൽ, ദൈവം ഇല്ല എന്നാണ് അദ്ദേഹത്തിന്റെ വാദം. ഞാൻ പറയട്ടെ: ക്രിസ്ത്യൻപള്ളിയുടേയോ, അമ്പലത്തിന്റേയോ, മുസ്ലീംപള്ളിയുടേയോ വക്താവല്ല ഞാൻ. ഇവിടെയൊന്നും ദൈവത്തെ ആരാധിക്കാനായി ഞാൻ പോകാറില്ല. ഞങ്ങൾ വീടുകളിലോ ഹാളുകളിലോ കൂടിവന്ന് ദൈവത്തെ ആരാധിക്കുന്നവരാണ്. തകർന്നുപോയ ആരാധനാലയങ്ങളിൽ വന്നിരുന്ന ജനങ്ങളുടെ വിശ്വാസരീതികളോട് യോജിപ്പുള്ളവരല്ല ഞങ്ങൾ. ആ കൂട്ടത്തിൽ പെട്ട ഒരാളാണ് ഞാൻ എന്നു കരുതിയാണല്ലോ അദ്ദേഹം ഈ വാദം മുന്നോട്ടുവച്ചത്.

ദൈവമുണ്ടോ ഇല്ലയോ എന്നു തെളിയിക്കേണ്ടത് പ്രകൃതിദുരന്തങ്ങളുടെയോ പകർച്ചവ്യാധികളുടെയോ അടിസ്ഥാനത്തിലല്ല. തകർന്നുപോയ ആരാധനാലയങ്ങളുടെ അടിസ്ഥാനത്തിലല്ല. ഞങ്ങളെപ്പോലുള്ള വിശ്വാസികളും പ്രകൃതിദുരന്തത്തിൽ മരണപ്പെടാവുന്നതാണ്. കോവിഡ് വന്നപ്പോൾ മരിച്ചവരിൽ എല്ലാ തരക്കാരുമുണ്ട്. ഹിന്ദുവിലെ എല്ലാ വിഭാഗങ്ങളുമുണ്ട്. മുസ്ലീമിലെ എല്ലാ വിഭാഗങ്ങളുമുണ്ട്. ക്രിസ്ത്യനിലെ ഞങ്ങളുൾപ്പെടെ എല്ലാ വിഭാഗങ്ങളിലും പെട്ടവർ കോവിഡ് വന്ന് മരണപ്പെട്ടിട്ടുണ്ട്.

വയനാടിൽ സംഭവിച്ച പ്രകൃതിദുരന്തം പോലും ദൈവമില്ലെന്നതിന്റെ തെളിവല്ല, ദൈവമുണ്ട് എന്നതിന്റെ തെളിവാണ്. മലനിരകളെ തകർക്കാനും സംരക്ഷിക്കാനും കഴിവുള്ള സർവശക്തനായ ദൈവത്തെയാണ് ഉരുൾപൊട്ടലുകൾ കാണിച്ചുതരുന്നത്. നാശനഷ്ടങ്ങളുടെ മധ്യത്തിലും ദൈവം പല കെട്ടിടങ്ങളേയും ആളുകളേയും സംരക്ഷിച്ചുകൊണ്ട് തന്റെ സർവാധികാരം വ്യക്തമാക്കിയത് നാം ശ്രദ്ധിക്കണം.

ഈ ഭൂമിയിൽ കൂടുതൽ കൊല്ലം ജീവിക്കാൻ കഴിയുന്നതിലല്ല കാര്യം, ജീവിക്കുന്ന കാലം ജീവനുള്ള ദൈവത്തെ അറിഞ്ഞ് ജീവിക്കണം. അങ്ങനെയുള്ളവരെ മരണം ഏതുവിധത്തിൽ തേടിയെത്തിയാലും അവർക്കു നഷ്ടമില്ല. "എനിക്ക് മരിക്കുന്നത് ലാഭമാണ്" (ഫിലിപ്പിയർ 1:21) എന്നാണ് അവർക്ക് പറയാനുള്ളത്. മരണാനന്തരജീവിതത്തിനാണ് ബൈബിൾ പ്രാധാന്യം കൊടുക്കുന്നത്. ദൈവത്തെ അറിയാനും അനുസരിക്കാനും വേണ്ടിയുള്ളതാണ് നമ്മുടെ ഇഹലോകവാസം. അതിന്റെ അടിസ്ഥാനത്തിലാണ് മരണാനന്തരജീവിതം തീരുമാനിക്കപ്പെടുന്നത്. ഒന്നുകിൽ ദൈവത്തോടുകൂടെ, അല്ലെങ്കിൽ പിശാചിനോടുകൂടെ.

ഈ ഭൂമിയിൽനിന്ന് ഏതെങ്കിലും വിധത്തിൽ നാം മാറ്റപ്പെടേണ്ടവരാണ്. അത് ചിലപ്പോൾ രോഗത്തിലൂടെയാകാം, അപകടമരണത്തിലൂടെയാകാം, പ്രകൃതിദുരന്തത്തിലൂടെയാകാം... അതുകൊണ്ട് ഏതെങ്കിലുമൊരു വിശ്വാസി അപകടത്തിലൂടെയോ മറ്റോ മരണപ്പെട്ടാലുടനെ ദൈവത്തിനെതിരെ ചോദ്യചിഹ്നമായി ആരും വരേണ്ടതില്ല.

നിരീശ്വരവാദികളെക്കുറിച്ച് ബൈബിൾ പറയുന്നത് കൂടി കേൾക്കുക: "ദൈവമില്ല എന്ന് മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു" (സങ്കീർത്തനങ്ങൾ 53:1). "The fool has said in his heart, 'There is no God.'" നിരീശ്വരവാദികളെ മൂഢൻ (fool) എന്നാണ് ദൈവവചനം വിളിക്കുന്നത്. ദൈവത്തെ അന്വേഷിക്കുന്നവൻ ബുദ്ധിമാനാണെന്ന് തൊട്ടടുത്ത വാക്യത്തിൽ പറയുന്നുണ്ട്. ഈ പ്രപഞ്ചത്തിലെ അത്ഭുതങ്ങളെ നോക്കിക്കണ്ട്, ദൈവമില്ല എന്നു പറയുന്നവനെ മൂഢൻ എന്നല്ലാതെ എന്താണ് വിളിക്കേണ്ടത്? ■

## റിയൽ ലൈഫ് വോയ്സ്: ലക്ഷ്യവും നയവും

**ലക്ഷ്യം** : സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായ പ്രകടനവും വചനപഠനവും.

**നയം** : ഞങ്ങൾക്ക് ശരിയെന്നു തോന്നുന്നത് ഞങ്ങൾ എഴുതുന്നു. വായനക്കാർക്ക് അവ പരിശോധിച്ച്, യോജിക്കുകയോ വിയോജിക്കുകയോ ചെയ്യാം. **(എഡിറ്റർ)**

# സമൂഹത്തിലെ ദുരന്തക്കാഴ്ചകൾ 71

-എംവിഎസ്-

## തെറ്റ് ചെയ്യാതെ, തെളിവുകൾ ഇല്ലാതെ...

വളരെ ശ്രദ്ധിച്ചും സൂക്ഷിച്ചും വാഹനമോടിക്കുന്ന ഒരാൾ വേറൊരാളുടെ അശ്രദ്ധ നിമിത്തം അപകടത്തിൽ പെട്ട് മരണപ്പെടുന്നതുപോലെയുള്ള നിർഭാഗ്യകരമായ അവസ്ഥ, പല രൂപത്തിൽ നമ്മുടെ ജീവിതത്തിൽ വരാവുന്നതാണ്. നാം എത്ര നന്നായി ജീവിച്ചാലും, നമ്മുടെ മേൽ കുറ്റം ചാർത്തപ്പെടാം. നാം ശിക്ഷിക്കപ്പെടാം. ജയിലുകളിൽ കഴിയുന്നവർ പലരും നിരപരാധികളാണെന്ന് ജയിൽഅധികൃതർ തന്നെ സമ്മതിക്കുന്ന കാര്യമാണ്. ജയിലിന് പുറത്തുള്ളവർ പലരും ക്രിമിനലുകളുമാണ്. വക്കീലിന്റെ നാക്കിന്റെ മിടുക്കുകൊണ്ട് രക്ഷപ്പെട്ടവരും, പോലീസുദ്യോഗസ്ഥരുടെ അനാസ്ഥമൂലം രക്ഷപ്പെട്ടവരും, പണമെറിഞ്ഞ് രക്ഷപ്പെട്ടവരുമുണ്ട്.

ക്രിമിനലുകൾ ശിക്ഷിക്കപ്പെടാതെ രക്ഷപ്പെടുന്നതിനേക്കാൾ ഗൗരവമുള്ള കാര്യമാണ് നിരപരാധികളായ ആളുകളുടെ മേൽ ചെയ്യാത്ത കുറ്റം ആരോപിച്ച് അവരെ മാനസികമായും ശാരീരികമായും ഉപദ്രവിക്കുന്നത്. ക്ഷമയോ, ബുദ്ധിസാമർത്ഥ്യമോ ഇല്ലാത്ത ചില പോലീസുകാർ തങ്ങളുടെ മുമ്പിൽ എത്തുന്ന പരാതികളിൽ വിവേകപൂർവ്വം തീരുമാനമെടുക്കാതെ, കൈയിൽ കിട്ടിയ ഒരാളുടെ മേൽ അത് അടിച്ചേൽപ്പിച്ച് പെട്ടെന്ന് കാര്യങ്ങൾ അവസാനിപ്പിക്കാൻ ശ്രമിക്കാറുണ്ട്. ഒരു നിരപരാധിയുടെ കണ്ണീരും മാനവും അവിടെ വീണുടയുന്നതു കാണാനുള്ള മാർദ്ദവമൊന്നും ഈ പോലീസേമാന്മാരുടെ ഹൃദയങ്ങൾക്കില്ല.

തിരുവനന്തപുരത്തെ പേരൂർക്കട പോലീസ്സ്റ്റേഷനിൽ നടമാടിയത് സമൂഹത്തെ നടുക്കുന്ന മനുഷ്യാവകാശലംഘനം. ബിന്ദു എന്ന സാധു സ്ത്രീക്കാണ് ഈ ദുരനുഭവം ഉണ്ടായത്. അവൾ ജോലി ചെയ്യുന്ന വീട്ടിൽ രണ്ടര പവന്റെ സ്വർണ്ണമാല കാണാതായി. അത് ബിന്ദുവാണ് മോഷ്ടിച്ചത് എന്ന് ആരോപിച്ച് പോലീസ് അവളെ കസ്റ്റഡിയിലെടുക്കുന്നു. അമ്പലമുക്ക് സ്വദേശി ഓമന ഡാനിയേലാണ് തന്റെ വീട്ടിലെ ജോലിക്കാരിയായ ബിന്ദുവിനെതിരെ പോലീസിൽ പരാതി നൽകിയത്.

സ്ത്രീകളെ രാത്രി പോലീസ്സ്റ്റേഷനിൽ കൊണ്ടുപോയി ചോദ്യം ചെയ്യരുതെന്ന നിയമം കാറ്റിൽ പറത്തിയാണ് പോലീസ് ബിന്ദുവിനെ കൊണ്ടുപോയത്. 20 മണിക്കൂർ അവൾ പോലീസ്കസ്റ്റഡിയിലായിരുന്നു.

കുറ്റം സമ്മതിച്ചില്ലെങ്കിൽ പെൺമക്കളെക്കൂടി കേസിൽ പ്രതികളാക്കുമെന്ന് പറഞ്ഞ് അവർ ഭീഷണിപ്പെടുത്തിയത്രേ! മണിക്കൂറുകൾ സ്റ്റേഷനിൽ കഴി യുന്നതിനിടയിൽ കുടിക്കാൻ അല്പം വെള്ളം ചോദിച്ചപ്പോൾ, കക്കൂ സിൽനിന്ന് എടുത്ത് കുടിച്ചോളാനായിരുന്നു പോലീസിന്റെ മധുമൊഴി!

മാല കിട്ടിയെന്ന് വീട്ടുടമസ്ഥ രാവിലെ അറിയിച്ചപ്പോഴാണ് ബിന്ദുവിനെ പോലീസ് വിട്ടയച്ചത്. മാല അപ്പോൾ മോഷണം പോയിട്ടില്ലായിരുന്നോ? അതോ, വീട്ടിലെ വല്ലവരും മോഷ്ടിച്ചതാണോ? ഏതായാലും മാല കിട്ടി. ബിന്ദുവിനു മോചനവുമായി. അതുവരെ സഹിച്ച ഭീഷണിയും മാനസിക പീഡനവും ബിന്ദുവിന് ഫ്രീ ആയി കിട്ടിയ സമ്മാനമായി എടുക്കാം. പോലീ സേമാന്മാർക്ക് യാതൊരു കുറ്റബോധവും ഇല്ല. ബിന്ദു ദളിത് വിഭാഗത്തിൽ പെട്ടവളായിരുന്നുവത്രേ! ചോദിക്കാനും പറയാനും ആരും വരില്ലെന്നും വന്നാൽ തന്നെ അവരെ ഭീഷണിപ്പെടുത്തി, വിറപ്പിച്ച്, പറഞ്ഞയയ്ക്കാവു ന്നതേയുള്ളൂവെന്നും പോലീസ് കരുതിക്കാണും.

എന്നാൽ പോലീസിന്റെ മനക്കോട്ടകളെ പൊട്ടിച്ചെറിഞ്ഞ് ബിന്ദു പോരാട്ടത്തിനറങ്ങി. അഭിഭാഷകനെയും കൂട്ടി മുഖ്യമന്ത്രിയുടെ ഓഫീസിൽ പരാതി നൽകി. ആ പരാതി ഒന്നു വായിച്ചുനോക്കുക പോലും ചെയ്യാതെ, “ജോലി ചെയ്യുന്ന വീട്ടിലെ മാല കാണാതായാൽ പോലീസ് സ്റ്റേഷനിലേക്ക് വിളിപ്പിക്കുക സ്വാഭാവികമാണ്” എന്ന മറുപടിയാണത്രേ ഓഫീസിലെ ഏതോ ‘നിയമവിദഗ്ദൻ’ കൊടുത്തത്! ഈ അവഹേളനം ബിന്ദുവിനെ തളർത്തിയില്ല. മാധ്യമങ്ങളുടെ മുന്നിൽ ചെന്ന് നിന്ന് കാര്യങ്ങൾ അവൾ അവതരിപ്പിച്ചു. അതോടെ കാര്യങ്ങൾക്ക് ഒരു തീരുമാനമായി.

മെയ് 13 ന് സംഭവിച്ച ഈ അനീതിയ്ക്കെതിരെ മുഖ്യമന്ത്രി പിണറായി വിജയൻ രംഗത്ത് വന്നു. പോലീസിന് ഗുരുതരമായ വീഴ്ചയാണ് പറ്റിയ തെന്നും അങ്ങനെ പോലീസിന്റെ ഭാഗത്തുനിന്നു സംഭവിക്കാൻ പാടില്ലായി രുന്നുവെന്നും മുഖ്യമന്ത്രി പത്രസമ്മേളനത്തിൽ പറഞ്ഞു. കുറ്റക്കാരായ പോലീസുകാരെ സസ്പെൻഡ് ചെയ്തു. അതിനിടയിൽ, മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് ബിന്ദുവിന് അവഹേളനം ഉണ്ടായിട്ടില്ലെന്നും, പരാതി പരി ശോധിക്കുന്നതിലെ കാലതാമസം മാത്രമേ ഉണ്ടായിട്ടുള്ളൂവെന്നും പറഞ്ഞ് സ്വന്തം ഓഫീസിലെ വിശ്വസ്തനെ സംരക്ഷിക്കാൻ മുഖ്യമന്ത്രി ശ്രമിച്ചത്, അദ്ദേഹത്തിന്റെ തിളക്കത്തിന് അല്പം മങ്ങൽ ഏല്പിച്ചുവെന്നു വ്യക്തം.

നമ്മുടെയൊക്കെ അവസ്ഥ എന്താണ്? ആരുടെയെങ്കിലും വെറുമൊരു വ്യാജപരാതി മതി, നമ്മുടെയൊക്കെ ജീവിതം മാറിമറിയാൻ! നിരപരാധിക ളുടെ കണ്ണീർ... പാവങ്ങളുടെ ചോര... മനസ്സാക്ഷിയില്ലാത്ത കുറെ അധികാ രികൾ... എന്നാണ് നമ്മുടെ നാട് നന്നാവുക?

# ഓരോരോ ജന്മങ്ങള്!

20

-എംവിഎസ്-

## ചാലക്കുടിപ്പുഴയുടെ രോദനം!

**അവൾ അമ്മയായിരുന്നു**

പക്ഷേ അവൾ അത് മറന്നു. താൻ ഒരമ്മയാണെന്ന കാര്യം ഏതെങ്കിലും അമ്മ മറന്നാൽ പിന്നെ അവൾ രാക്ഷസിയായി മാറുകയാണ്. അമ്മ എന്ന വാത്സല്യം തുളുമ്പുന്ന പദവിയിൽനിന്ന് രാക്ഷസിയെന്ന ക്രൂരപദവിയിലേക്കുള്ള രൂപാന്തരം (transformation) സംഭവിച്ച ഒരു 36-കാരി, അവളുടെ നാലുവയസ്സുള്ള കല്യാണിമോളെ ചാലക്കുടിപ്പുഴയിൽ വലിച്ചെറിഞ്ഞു കൊന്നു. മെയ് 20 ചൊവ്വ പുലർച്ച 2.15 ന്, പരിശീലനം ലഭിച്ച മുങ്ങൽവിദഗ്ദർ അടങ്ങുന്ന സംഘം ആ കുഞ്ഞിന്റെ ചേതനയറ്റ ശരീരം പുഴയുടെ അടിത്തട്ടിൽനിന്ന് മുങ്ങിയെടുത്തു.

ഭർത്താവിന്റെ വീട്ടുകാരുടെ സങ്കടം കാണാനായിരുന്നു താൻ ഇങ്ങനെ ചെയ്തത് എന്ന് ആ അമ്മ പറഞ്ഞുവത്രേ! അങ്കണവാടിയിൽനിന്ന് കുഞ്ഞിനെ കൊണ്ടുവന്ന്, പുഴയിലെറിഞ്ഞ് കൊല്ലുവാൻ മാത്രമുള്ള വൈരാഗ്യം ആ യുവതിക്ക് ഉണ്ടായിരുന്നു. അവൾക്ക് മാനസികപ്രശ്നങ്ങളുള്ളതായും പറയപ്പെടുന്നു. ഏതായാലും അവളുടെ വൈരാഗ്യവും മാനസികപ്രശ്നവുമെല്ലാം മായ്ച്ചുകളഞ്ഞത് ഒരു നാലുവയസ്സുകാരിയുടെ നിഷ്കളങ്കമായ പുഞ്ചിരിയാണ്.

**അവൻ അച്ഛനായിരുന്നു**

മദ്യപാനം അനേകരുടെ ജീവിതത്തെ കശക്കിയെറിഞ്ഞിട്ടുണ്ട്. കല്യാണിയുടെ അച്ഛൻ മദ്യപാനിയായിരുന്നുവെന്നാണ് ഭാര്യാവീട്ടുകാരുടെ പരാതി. കുടുംബകലഹം പതിവായിരുന്നു. ഭാര്യയെ സ്നേഹിക്കാനും മക്കളെ ശ്രദ്ധിക്കാനുമുള്ള ഉത്തരവാദിത്തത്തിൽ അയാൾ പരാജയപ്പെട്ടതുകൊണ്ട് കൂടിയാണ്, ചാലക്കുടിപ്പുഴയിൽ ഒരു നിലവിളിയോടെ ആ നാലുവയസ്സുകാരി മുങ്ങിത്താണുപോയത്. ഭാര്യയ്ക്ക് മാനസികപ്രശ്നങ്ങളുണ്ടെങ്കിൽ, അവൾക്ക് ശരിയായ ചികിത്സ ലഭ്യമാക്കാനും കൂടുതൽ സ്നേഹപരിചരണങ്ങൾ അവൾക്ക് കൊടുക്കാനും അയാൾ ബാധ്യസ്ഥനായിരുന്നു. മക്കളെ കൂടുതൽ ശ്രദ്ധിക്കണമായിരുന്നു. കാരണം അയാൾ അവരുടെ അച്ഛനായിരുന്നു. അച്ഛൻ എന്ന പദവിയുടെ മഹത്വം അറിയാത്തവർ ദയവായി അച്ഛനാകാൻ പോകരുത്. കല്യാണം കഴിക്കരുത്. ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ മനസ്സുള്ളവരേ ഭർത്താവാകാനും അച്ഛനാകാനും ശ്രമിക്കാവൂ.

**അവൻ ഇളയച്ഛനായിരുന്നു**

കല്യാണിയുടെ മൃതദേഹം പോസ്റ്റ്മോർട്ടം ചെയ്ത ഡോക്ടർ ഞെട്ടിപ്പോയി. ക്രൂരമായ ലൈംഗികപീഡനത്തിന് ആ കുഞ്ഞ് ഇരയായിരുന്നു. കൊല്ലപ്പെടുന്നതിന് 24 മണിക്കൂർ മുമ്പ് വരെ! പോസ്റ്റ്മോർട്ടം നടത്തിയ ഫോറൻസിക് സർജൻ ലിസജോൺ വിവരം പോലീസിനെ അറിയിക്കുന്നു. വളരെ കരുതലോടെ പോലീസ് കരുക്കൾ നീക്കി. അനാവശ്യതിടുക്കം കാണിക്കാതെ കൃത്യമായ ദിശയിലേക്ക് അവർ വലയൊരുക്കി. പോലീസിന്റെ അന്വേഷണമികവിന്റെ അനന്തരഫലമായി ആ മൃഗം പോലീസിന്റെ കെണിയിൽ വീണു – ഇളയച്ഛൻ!

കുഞ്ഞിനോട് ഏറ്റവുമധികം വാത്സല്യം കാണിച്ചിരുന്നയാൾ! കുഞ്ഞിനെ ഏറ്റവുമധികം ശ്രദ്ധിച്ചിരുന്നയാൾ! കുഞ്ഞിന് ഈ ഭൂമിയിൽ വച്ച് ഏറ്റവുമധികം ഇഷ്ടമുണ്ടായിരുന്നയാൾ! കുഞ്ഞിന്റെ മരണവാർത്ത അറിഞ്ഞ് ഏറ്റവുമധികം ഉച്ചത്തിൽ അലറിക്കരഞ്ഞയാൾ! സ്നേഹിതന്മാർ താങ്ങിപ്പിടിച്ചാണ് അയാളെ മൃതദേഹത്തിന്നടുത്തേക്ക് കൊണ്ടുവന്നത്. പലപ്പോഴും ആ നാലുവയസ്സുകാരി ഇളയച്ഛനോടൊപ്പമായിരുന്നു. തലേ രാത്രിയും അവൾ അയാളോടുകൂടെയാണ് ഉറങ്ങിയത്. ഇളയച്ഛന്റെ രതിവൈകൃതങ്ങളെ തിരിച്ചറിയാനുള്ള പ്രായമൊന്നും അവൾക്ക് ഉണ്ടായിരുന്നില്ല. വാത്സല്യത്തിന്റെ ഭാഗമായി ആ കുഞ്ഞുമനസ്സ് അതിനെ വ്യാഖ്യാനിച്ചുകൊടുത്തിരിക്കാം.

**അവൾ കുഞ്ഞായിരുന്നു**

കല്യാണി! അവളൊരു കുഞ്ഞായിരുന്നുവെന്ന് ഓർക്കാത്ത അധമന്മാർക്ക് ഇനി തട്ടിക്കളിക്കാനും വലിച്ചുകീറാനും അവൾ ഇല്ല. അമ്മയുടെ മാനസികപ്രശ്നങ്ങൾ, അച്ഛന്റെ മദ്യപാനശീലം, അവർ തമ്മിലുള്ള വഴക്ക്, ഇളയച്ഛന്റെ വാത്സല്യമുഖംമൂടി ഒന്നും ഇനി അവൾക്ക് കാണേണ്ടതില്ല. അമ്മ അവളെ ഒക്കത്ത് ഇരുത്തിക്കൊണ്ട് പോകുന്നത് സിസിടിവിദൃശ്യങ്ങളിൽ കാണാമായിരുന്നു. തന്റെ അമ്മയുടെ ഒക്കത്ത് താൻ സുരക്ഷിതയാണെന്ന് കരുതിയ പാവം കുഞ്ഞ്! അമ്മ അവളെ ചതിക്കുമെന്ന് അവൾ അശേഷം കരുതിയില്ല. അവളോടൊപ്പം അംഗണവാടിയിൽ കളിച്ചുചിരിച്ചു കഴിഞ്ഞ അവളുടെ കൂട്ടുകാർ, അവളുടെ 11 വയസ്സുള്ള ചേട്ടൻ കാശിനാഥൻ... എല്ലാവരോടും വിടപറഞ്ഞ്, നിലവിളിയോടെ തന്നിലേക്ക് വീണ ആ കുഞ്ഞിനെ പുഴ ഏറ്റുവാങ്ങി. ആർക്കും കൊടുക്കാതെ അതിന്റെ മടിത്തട്ടിൽ ഒളിപ്പിച്ചുവച്ചു. പാതിരാത്രിയിലെ എട്ടരമണിക്കൂർ നീണ്ട തിരച്ചിലിനൊടുവിൽ സ്കൂബാ ഡൈവിംഗ് ടീം പുഴയുടെ അടിയിൽനിന്ന് ആ കുഞ്ഞിന്റെ ശരീരം കണ്ടെത്തി. ആ മുഖത്ത് പരാതിയുണ്ടായിരുന്നില്ല. പരിഭവമുണ്ടായിരുന്നില്ല. പ്രതിഷേധമുണ്ടായിരുന്നില്ല. സങ്കടമുണ്ടായിരുന്നില്ല.

കുഞ്ഞുമനസ്സുകളെ തിരിച്ചറിയാൻ കഴിയാത്തവർ... ഓരോരോ ജന്മങ്ങള്!

## www.reallifevoice.in

### എം. വി. സെബാസ്റ്റ്യന്റെ കൃതികൾ

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. സഭ
4. പരിശുദ്ധാത്മാവ്
5. യോവേൽ (പുസ്തകപഠനം)
6. ഓബദ്യാവ് (പുസ്തകപഠനം)
7. മീഖാ (പുസ്തകപഠനം)
8. ഹബക്കൂക് (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളുടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻ: ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ
23. Faith and Baptism: How Was It Taught and Practiced in the First Century?
24. The Search for Truth
25. Youth and Mental Health
26. Suicide and Its Causes: What Does the Bible Say?

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th June 2025

Posted at
Thrissur RMS

**ആനുകാലികം**

## തട്ടിപ്പിൽ വീഴാൻ തയ്യാർ!

തട്ടിപ്പുകാരേ, നിങ്ങൾ തട്ടിപ്പുമായി വരൂ. ഈസിയായി വീഴാൻ കുറെ പണക്കൊതിയന്മാർ ഇവിടെ റെഡിയാണ്. കാലം പുരോഗമിക്കുകയാണ്. തട്ടിപ്പുകാരും പുരോഗമിക്കുകയാണ്. വീടിന്റെ ഓട് പൊളിച്ച് അകത്ത് കടന്ന് കട്ടിരുന്ന ആ പഴയ കള്ളന്മാരുടെ കാലമൊക്കെ പോയി. അണ്ടർവെയർ മാത്രം ധരിച്ച്, ദേഹത്തെല്ലാം കരിഓയിൽ പുരട്ടി നടന്നിരുന്ന കള്ളന്മാരെല്ലാം പഴങ്കഥയായി. ഇപ്പോൾ ഹൈടെക് കള്ളന്മാരുടെ യുഗം. പോരാത്തതിന്, നിർമ്മിതബുദ്ധിയുടെ കാലവും!

നിർമ്മിതബുദ്ധി അഥവാ ആർട്ടിഫിഷൽ ഇന്റലിജൻസ് (എഐ) പ്രചാരത്തിൽ വന്നതോടെ, തട്ടിപ്പുകാർ ആ മാർഗ്ഗവും തട്ടിപ്പിനായി ഉപയോഗിക്കാൻ തുടങ്ങി. അമേരിക്കൻ പ്രസിഡണ്ട് ട്രംപിന്റെ എഐ നിർമ്മിത വീഡിയോ പ്രചരിപ്പിച്ച് കോടികളുടെ തട്ടിപ്പാണ് ബാംഗ്ലൂരിലെ ചില മിടുക്കന്മാർ നടത്തിയത്. കാശിന്റെ പേരിൽ ആളുകളെ പറ്റിക്കാൻ വളരെ എളുപ്പമാണെന്ന് തട്ടിപ്പുകാർ തിരിച്ചറിഞ്ഞിരിക്കുന്നു. ഇതു സംബന്ധിച്ച വാർത്ത താഴെ കൊടുക്കുന്നു:

> **ട്രംപിന്റെ പേരിലും നിക്ഷേപത്തട്ടിപ്പ്:** യുഎസ് പ്രസിഡണ്ട് ഡൊണാൾഡ് ട്രംപിന്റെ പേരിൽ നടത്തിയ നിക്ഷേപത്തട്ടിപ്പിൽ കർണ്ണാടകയിൽ 150തിലേറെ പേർക്ക് ഒരു കോടിയിലേറെ രൂപ നഷ്ടപ്പെട്ടു. നിക്ഷേപ പദ്ധതിയെക്കുറിച്ച് ട്രംപ് പറയുന്നതിന്റെ എഐ നിർമ്മിത വ്യാജ വീഡിയോ പ്രചരിപ്പിച്ചാണ് തട്ടിപ്പ് നടത്തിയത്. വീഡിയോയ്ക്ക് ഒപ്പമുള്ള നമ്പറിൽ ബന്ധപ്പെട്ടപ്പോൾ മികച്ച പലിശ വാഗ്ദാനം ചെയ്തു. ഇത് വിശ്വസിച്ച് നിക്ഷേപം നടത്തിയവർക്കാണ് പണം നഷ്ടമായത്. (പത്രവാർത്ത, 2025 മെയ് 26)

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V